(ബി) കയർപിരി മേഖലയിൽ കൂലി വർദ്ധനവിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയത് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) ഉൽപ്പാദന മേഖലയിൽ കുറഞ്ഞകൂലി എത്രയായിട്ടാണ് വർദ്ധിപ്പിച്ചത് ; വിശദമാക്കുമോ ;

(ഡി) തൊഴിലാളികളുടെ കൂലി ബാങ്ക് അക്കൗണ്ടുവഴി നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

വ്യവസായവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 150 രൂപയായിരുന്നത് 210 രൂപയായും, തുടർന്ന് 280 രൂപയായും, പിന്നീട് 300 രൂപയായും വർദ്ധിപ്പിച്ചു. ഉല്പന്ന മേഖലയിലെ കുറഞ്ഞകൂലി 200 രൂപയിൽനിന്ന് 285 രൂപയായും പിന്നീട് 360 രൂപയായും വർദ്ധിപ്പിച്ചു.

(ബി) കയർപിരി മേഖലയിലെ കുറഞ്ഞകൂലി 2-2-2012 മുതൽ 210 രൂപയായും, 1-5-2013 മുതൽ 260 രൂപയായും, 1-3-2014 മുതൽ 300 രൂപയായും വർദ്ധിപ്പിച്ചു. കൂലിയുടെ ഒരു വിഹിതം സർക്കാർ നേരിട്ട് തൊഴിലാളികൾക്ക് വരുമാനം ഉറപ്പാക്കൽ പദ്ധതിപ്രകാരം നൽകുകയും ചെയ്യുന്നുണ്ട്.

(സി) ഉല്പന്ന മേഖലയിലെ കുറഞ്ഞകൂലി 200 രൂപയിൽ നിന്നും 285 രൂപയായും, 1-3-2013 മുതൽ 360 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം അർഹരായ തൊഴിലാളികൾക്ക് കൂലി നൽകുന്നതിനു വേണ്ടിയുള്ള ഫണ്ട് കയർ വികസന ഡയറക്ടറേറ്റിൽ നിന്നും ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർമാർക്ക് ആവശ്യാനുസരണം അനുവദിച്ചിട്ടുണ്ട്. ബന്ധപ്പെട്ടവരിൽ നിന്നും ക്ലെയിം ലഭിക്കുമ്പോൾ പരിശോധിച്ച് അർഹരായ സർക്കാർ വിഹിതം ബന്ധപ്പെട്ട തൊഴിലാളികളുടെ ഈ ആവശ്യത്തിനുവേണ്ടി എടുത്തിട്ടുള്ള ബാങ്ക് അക്കൗണ്ടിലേക്ക് പ്രോജക്ട് ഓഫീസർ (കയർ) നിക്ഷേപിക്കുന്നു.

അറബിക് സർവ്വകലാശാല

29 (*689) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അറബിക് സർവ്വകലാശാല സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് പഠനം നടത്തുവാൻ ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയമിച്ച കമ്മിറ്റി ഇത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ച് വരികയാണ്.

റവന്യൂ രേഖകളുടെ ഡിജിറ്റൈസേഷൻ

30 (*690) ശ്രീ. പി. എ. മാധവൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ റവന്യൂ രേഖകൾ ഡിജിറ്റൈസ് ചെയ്യാൻ തീരുമാനമെടുത്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതുമൂലം ജനങ്ങൾക്ക് ലഭ്യമാകുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) സർവ്വെ രേഖകളായ കഡാസ്ട്രൽ മാപ്പുകളും, അനുബന്ധ സർവ്വെ & സെറ്റിൽമെന്റ് രജിസ്റ്ററുകളും നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഡിജിറ്റൈസ്ചെയ്ത് സൂക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. കഡാസ്ട്രൽ റെക്കോർഡുകൾ നഷ്ടമാകാതെ കൃത്യമായി സൂക്ഷിക്കുവാനും, ആവശ്യമുള്ളപ്പോൾ വേഗത്തിൽ എടുക്കുവാനും ഉതകുംവിധമുള്ള മോഡേൺ റെക്കോർഡ് റൂമുകൾ സജ്ജീകരിച്ചുവരുന്നു.

ടി സർവ്വെ രേഖകൾ ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കുവാനും, വീണ്ടെടുക്കുവാനുമായി Storage server-ഉം അതിലേക്കുള്ള സോഫ്റ്റ്വെയർ സംവിധാനവും ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സർവ്വെ രേഖകളെ സംബന്ധിച്ചിടത്തോളം കാലപ്പഴക്കംമൂലം നാശം സംഭവിച്ചുകൊണ്ടിരിക്കുന്നതും, ഏറ്റവും മാത്രം അവശേഷിക്കുന്നതുമായ വിവരങ്ങൾ സർവ്വെ രേഖകൾ ഡിജിറ്റലായി സംരക്ഷിക്കുക, സ്കാനിംഗിലൂടെ സംരക്ഷിക്കപ്പെട്ട ഡിജിറ്റൽ മാപ്പുകളെ ഒരു കേന്ദ്രീകൃത സെർവ്വറിൽ എന്ന

LIBRARY ARCHIVES Kerala Legislative Assembly